പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *120 | 29.09.2016 ൽ മറുപടിക്ക്

## കൊച്ചിൻ ഹാർബർ ടെർമിനസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ:<br>,, ജോൺ ഫെർണാണ്ടസ്:<br>,, കെ.ജെ. മാക്സി:<br>,, എം. സ്വരാജ്: | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | കൊച്ചിൻ ഹാർബർ ടെർമിനസ് പ്രവർത്തനക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളത്; ആയത് പ്രവർത്തനക്ഷമമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ; | (എ) | പി.ഡബ്ല്യൂ.പി 16-17 പ്രകാരം ട്രാക്കിന്റെയും സ്ലീപ്പറിന്റെയും നവീകരണവും, ലോബുക്ക് 16-17 പ്രകാരം സിഗ്നലുകളുടേയും ബ്ലോക്ക് ഇൻസ്ട്രുമെന്റുകളുടേയും പുതുക്കിപ്പണിയലും റയിൽവേ അനുവദിച്ചിട്ടുണ്ട്. സ്റ്റേഷൻ ബിൽഡിംഗ് പ്ലാറ്റ്ഫോം ഷെൽറ്ററുകൾ, യാത്രക്കാരുടെ സൗകര്യങ്ങൾ എന്നിവയും പുതിക്കിപ്പണിയേണ്ടതുണ്ട്. ഈ പ്രവർത്തികൾക്കായുള്ള ടെന്ററിംഗ് വർക്ക് ആരംഭിച്ചിട്ടുണ്ട്. |
| (ബി) | റെയിൽവേ ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഫണ്ട് ഒരു തടസ്സമല്ല. |
| (സി) | ഹാർബർ ടെർമിനസ് നവീകരണത്തിനായി കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതായിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | എങ്കിൽ എത്ര കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കേണ്ടതായിട്ടുള്ളത് എന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ഡി) | ബാധകമല്ല. |
| (ഇ) | നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) | ടെണ്ടർ പൂർത്തിയാകുന്ന മുറയ്ക്ക് 2017 ജനുവരിയോടെ നിർമ്മാണ പ്രവർത്തനങ്ങൾ റയിൽവേയ്ക്ക് ആരംഭിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ